(ബി) ഈ കേസ്സിൽ സംസ്ഥാന പോലീസിന്റെ അന്വേഷണം എവിടം വരെയായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഈ കേസ്സിൻമേൽ ക്രൈംബ്രാഞ്ച് അന്വേഷണം നടത്തിയിട്ടുള്ളതും ഇതൊരു തൂങ്ങിമരണമാണെന്ന് വെളിവായിട്ടുള്ളതുമാണ്.

74 (2384) സ്കൂൾകെട്ടിടം തീവച്ചത് സംബന്ധിച്ച്

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്, മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ തേവലക്കര പാലയ്ക്കൽ മുസ്ലീം മാനേജ്മെന്റ് എൽ.പി.എസ്. കെട്ടിടം 18-1-99-ൽ തീവയ്ക്കാൻ ശ്രമിക്കുകയും 19-2-99-ൽ കെട്ടിടം തീവയ്ക്കുകയും ചെയ്ത സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കേസ്സിനെ സംബന്ധിച്ച ക്രൈംബ്രാഞ്ചിന്റെ അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(സി) അന്വേഷണം ഊർജ്ജിതപ്പെടുത്തി കുറ്റക്കാരെ കണ്ടെത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) അന്വേഷണം ഊർജ്ജിതമായി നടന്നുവരുന്നു.

75 (2385) ബിനോയിയെ മർദ്ദിച്ച സംഭവം

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാർത്ഥി ബിനോയിയെ മർദ്ദിക്കുകയും പണം അപഹരിക്കുകയും ചെയ്തതിന് ആർക്കൊക്കെ എതിരെയാണ് കേസ്സ് എടുത്തിരിക്കുന്നത്;

(ബി) ഇവർക്കെതിരെ എന്തെല്ലാം കുറ്റങ്ങൾക്കാണ് കേസ്സ് എടുത്തിരിക്കുന്നത്;

(സി) ബിനോയിയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ എടുത്ത കേസ്സിൽ ലഘുവായ കുറ്റങ്ങൾ മാത്രം ചുമത്തുവാനുള്ള കാരണമെന്താണ്;

(ഡി) ബിനോയിയുടെ മൊഴിയിൽ കയ്യിലുണ്ടായിരുന്ന രൂപ വച്ചിരുന്ന പേഴ്സ് പോലീസ് ബലം പ്രയോഗിച്ച് എടുത്തു എന്ന് പറഞ്ഞിട്ടുണ്ടോ;

(ഇ) എങ്കിൽ എന്തുകൊണ്ട് ഗൗരവമായ ഈ കുറ്റകൃത്യങ്ങൾക്ക് കേസ്സ് എടുത്തില്ലാ എന്ന് വ്യക്തമാക്കുമോ;

(എഫ്) ഈ കേസ്സിലെ പ്രതികൾ ആരെങ്കിലും ജാമ്യം എടുത്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഉണ്ടെങ്കിൽ അവരുടെ ജാമ്യത്തെ ഗവൺമെന്റ് എതിർത്തിട്ടുണ്ടോ;

(എച്ച്) ഇല്ലെങ്കിൽ കാരണം എന്ത് എന്ന് വ്യക്തമാക്കുമോ;

(ഐ) പ്രതികൾ ചെയ്ത കുറ്റങ്ങളുടെ ഗൗരവമനുസരിച്ച് കേസ്സ് എടുക്കുവാനും നിഷ്പക്ഷവും നീതിപൂർവ്വവും ആയ കേസ്സ് അന്വേഷണം നടത്തുവാനും നടപടി സ്വീകരിക്കുമോ;

(ജെ) ബിനോയിയെ മർദ്ദിക്കുന്നതിനിടയിൽ സ്റ്റേഷനിൽ എത്തിയ സി.ഐ.യ്ക്ക് ഈ സംഭവത്തിലുള്ള പങ്കിനെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(കെ) നിരപരാധിയായ ബിനോയിയെ ക്രൂരമായി മർദ്ദിച്ച് വിലങ്ങുവച്ച സംഭവത്തിൽ യാതൊരു നടപടിയോ നിർദ്ദേശമോ നൽകാതെയാണ് സി.ഐ. മടങ്ങിയതെന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എൽ) സി.ഐ.യ്ക്കെതിരെ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)മുതൽ(എൽ)വരെ ബിനോയിയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ തമ്പാനൂർ പോലീസ് സ്റ്റേഷനിൽ ക്രൈം 50/2000 നമ്പരായി ഇന്ത്യൻ പീനൽ കോഡിലെ 342, 323, 324 ആന്റ് 34 വകുപ്പുകൾ പ്രകാരം രജിസ്റ്റർചെയ്ത കേസ്സിൽ രാജശേഖരൻനായർ, സലാഹുദ്ദീൻ എന്നിവർ പ്രതികളാണ്. തുടർന്ന് ബിനോയി തിരുവനന്തപുരം സിറ്റി പോലീസ് കമ്മിഷണർക്ക് സമർപ്പിച്ച പരാതിയെതുടർന്ന് പ്രസ്തുത കേസ്സിൽ ഇന്ത്യൻ പീനൽ കോഡിലെ 394, 348 എന്നീ വകുപ്പുകൾ കൂടി കൂട്ടിച്ചേർത്തും കേസ്സ് അന്വേഷണം തിരുവനന്തപുരം സിറ്റി ക്രൈം ഡിറ്റാച്ചുമെന്റ് അസി. കമ്മിഷണർ നടത്തിവരികയാണ്. ഈ കേസ്സിൽ പ്രതികളായ രാജശേഖരൻനായർ, സലാഹുദ്ദീൻ എന്നിവർക്ക് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി 3-ൽനിന്നും ജാമ്യം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ജാമ്യം റദ്ദാക്കുന്നതിനുള്ള നടപടികൾ കേസ്സന്വേഷണം നടത്തുന്ന പോലീസ് ഉദ്യോഗസ്ഥൻ നടത്തിവരികയാണ്. കേസിനാസ്പദമായ സംഭവത്തിൽ ചുമതലയിൽ വീഴ്ചവരുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻമാർക്കെ തിരെ നടപടി സ്വീകരിച്ചുവരുന്നു. കേസ്സ് അന്വേഷണത്തെ ബാധിക്കുമെന്നതിനാൽ കൂടുതൽ വിശദാംശങ്ങൾ ഈ ഘട്ടത്തിൽ വെളിപ്പെടുത്താൻ നിർവ്വാഹമില്ല.

76 (2386) ആരാധനാലയങ്ങളുടെ സംരക്ഷണത്തിന് പ്രത്യേക സ്കാഡ്

ശ്രീ. ഇസ്ഹാക് കുരിക്കൾ :

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ആരാധനാലയങ്ങളുടെ സംരക്ഷണത്തിന് പോലീസ് സേനയിൽ പ്രത്യേക സ്കാഡ് രൂപീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly